സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

# ഓർമകളിലേക്കൊരു ജാലകം

## ജൂൺ

ormakalilekkorujalakam@gmail.com
www.statelibrary.kerala.gov.in/ormakalilekkorujalakam

# 1

- നേപ്പാൾ രാജാവ് ബീരേന്ദ്രയേയും ഭാര്യ ഐശ്വര്യയേയും എട്ടു കുടുംബാംഗങ്ങളേയും മകൻ ദീപേന്ദ്ര വെടിവെച്ചു കൊന്നു (2001). മൂന്ന് ദിവസത്തിനുശേഷം ദീപേന്ദ്ര സ്വയം വെടിവച്ചു മരിച്ചു.

- മിസ്സിസ്സിപ്പി നദിയിലൂടെ സഞ്ചരിച്ച് നദി വിവരങ്ങൾ കൃത്യമായി കണ്ടുപിടിച്ച് രേഖപ്പെടുത്തിയ ജാക്വിസ് മാർക്വിറ്റ് ജന്മദിനം (1637 - 1675). ലൂയിസ് ജോലിയറ്റിനോടൊപ്പം ആയിരുന്നു യാത്ര.

- ബ്രിട്ടീഷ് എഴുത്തുകാരനും ഭാഷാകാരനും ഇംഗ്ലീഷ് ഭാഷയെ അന്താരാഷ്ട്ര ആശയവിനിമയത്തിനനുസരിച്ച് ഐക്യരൂപമുണ്ടാക്കിയ ചാൾസ് കെയ് ഓഗ്ഡൻ ജന്മദിനം (1889 - 1957).

- അഫ്ഗാനിസ്ഥാനെസ്വാതന്ത്ര്യത്തിലേയ്ക്ക് നയിച്ച ഭരണാധികാരി അമാനുള്ളഖാൻ ജന്മദിനം (1892 - 1960).

- സൂപ്പർമാൻ കോമിക് പുസ്തകത്തിന്റെ ആദ്യലക്കം പുറത്തിറങ്ങി (1938). ജെറോം സീഗൾ, ജോസഫ് ഷസ്റ്റർ എന്നീ കൗമാരക്കാരായിരുന്നു രചയിതാക്കൾ.



- മാധ്യമം ദിനപത്രം തുടങ്ങി (1986).

- വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ തുടങ്ങി (1928).

# 2

- എലിസബത്ത് രാജ്ഞി II കിരീടധാരണം ചെയ്തു. പിതാവ് കിംഗ് ജോർജ് നാലാമന്റെ മരണത്തിന് 16 മാസത്തിനു ശേഷമായിരുന്നു ചടങ്ങ്.
- ഫ്രഞ്ച് എഴുത്തുകാരൻ മാർക്വിസ് ഡി സാഡേ ജന്മദിനം (1740 - 1814). സാഡേ എന്ന പേരിൽ നിന്നാണ് സാഡിസം രൂപപ്പെട്ടത്.
- കറന്റ് ബുക്സ് നിലവിൽ വന്നു (1952). 1977 - ൽ ഇത് ഡി.സി.ബുക്സ് ഏറ്റെടുത്തു.
- ഇംഗ്ലീഷ് കവിയും നോവലിസ്റ്റുമായ തോമസ് ഹാർഡി ജന്മദിനം (1840 - 1928).



- അമേരിക്കൻ ശൂന്യാകാശ വാഹനമായ ‘സർവയർ’ ചന്ദ്രനിൽ ഇറങ്ങി (1966).

# 3



- ഇന്ത്യാ വിഭജനപ്രഖ്യാപനദിനം. 1947 ജൂൺ 3-ന് മൗണ്ട് ബാറ്റൺ പ്രഭു റേഡിയോ പ്രക്ഷേപണത്തിലൂടെ ഇന്ത്യയെ പാക്കിസ്ഥാൻ എന്നും ഇന്ത്യൻ യൂണിയൻ എന്നും വിഭജിക്കുന്ന പ്രഖ്യാപനം നടത്തി. ജൂൺ മൂന്നിന്റെ പ്രഖ്യാപനം എന്ന് ഇതറിയപ്പെടുന്നു.
- ആധുനിക ലോക സാഹിത്യത്തിലെ എക്കാലത്തേയും മികച്ച എഴുത്തുകാരനായ ഫ്രാൻസ് കാഫ്ക ജന്മദിനം (1883-1915). ചെക്കോസ്ലാവാക്യയിലാണ് ജനനം. ജീവിതത്തിന്റെ അസംബന്ധങ്ങൾ സത്യസന്ധമായി ആവിഷ്കരിക്കുന്ന എഴുത്തുകാരൻ.
- പ്രഥമ ജ്ഞാനപീഠ പുരസ്ക്കാര ജേതാവ് കവി ജി. ശങ്കരക്കുറുപ്പ് ജന്മദിനം (1901-1978). ഓടക്കുഴൽ എന്ന കാവ്യ സമാഹാരത്തിനായിരുന്നു അവാർഡ്. ജ്ഞാനപീഠ സമ്മാനതുകയിൽ നിന്ന് 25000 രൂപ മാറ്റി ഗുരുവായൂരപ്പൻ ട്രസ്റ്റ് രൂപീകരിച്ചു. ഓടക്കുഴൽ സാഹിത്യപുരസ്കാരം നൽകുന്നത് ഗുരുവായൂരപ്പൻ ട്രസ്റ്റാണ്.
- ഷ്രാപ്നെൽ ഷെൽ കണ്ടുപിടിച്ച ഇംഗ്ലീഷ് ആർമി ഓഫീസർ ഹെന്റി ഷ്രാപ്നെൽ ജന്മദിനം (1761-1842).
- രണ്ടാം എലിസബത്ത് രാജ്ഞിയുടെ പിതാവും ബ്രിട്ടീഷ് രാജാവുമായ ജോർജ് വി. ജന്മദിനം (1865-1936). രവീന്ദ്രനാഥ ടാഗൂർ അദ്ദേഹത്തിന് കൈസർ ഇ ഹിന്ദ് ബിരുദം പ്രഖ്യാപിച്ചു. ജന്മദിനബഹുമതിയായി ഈ അവാർഡ് നൽകിയത് മഹാത്മാഗാന്ധിയാണ്.
- ദോണ്ടോ കേശവ് കാർവേ ആദ്യ ഇന്ത്യൻ വനിതാ സർവ്വകലാശാല പൂനയിൽ സ്ഥാപിച്ചു (1916). 1936-ൽ മുബൈയിലേയ്ക്കു മാറിയ ഈ സ്ഥാപനം ശ്രീമതി നഥിബായ് ദാമോദർ താക്കേർസി സർവ്വകലാശാല എന്നാണ് പിൽക്കാലത്ത് അറിയപ്പെട്ടത്. വ്യവസായിയായ വിത്തൽദാസ് താക്കേർസി അമ്മയുടെ ഓർമ്മയ്ക്കാണ് ഈ പേര് നൽകിയത്.

# 4

- ടിയാനൻമെൻ സ്ക്വയർ കൂട്ടക്കൊല ദിനം (1989). ചൈനയിലെ ബീജിംഗിൽ ജനാധിപത്യത്തിനുവേണ്ടി പ്രക്ഷോഭം നടത്തിയ മൂവായിരത്തോളം പേരെ പട്ടാളക്കാർ വെടിവച്ചു കൊന്നു. 10,000-ൽ അധികം പേർക്ക് പരിക്കുപറ്റി. ആയുധ ധാരികളായ പട്ടാളക്കാർ ഓട്ടോമാറ്റിക് ആയുധമുപയോഗിച്ച് നാനാദിക്കിലേയ്ക്കും വെടിവച്ചു.



- സി. രാജഗോപാലാചാരി ചെന്നൈയിലെ വിവേകാനന്ദ കോളേജിൽ സ്വതന്ത്ര പാർട്ടി രൂപീകരിച്ചു (1959).



- ഇംഗ്ലീഷ് രസതന്ത്രജ്ഞൻ റോബർട്ട് ഓഗസ്റ്റസ് ചെസ്ബ്രോ വികസിപ്പിച്ചെടുത്ത പെട്രോളിയം ജെല്ലിക്ക് പേറ്റന്റ് ലഭിച്ചു (1872).

- സെയ്ക്സ് കോബർഗിലെ ലിയോ പോൾസ് രാജകുമാരൻ സ്വതന്ത്ര ബൽജിയത്തിലെ പ്രഥമ ഭരണാധികാരിയായി (1831).



- നാടക പ്രവർത്തകൻ സുരാസു ചരമദിനം (1937-1997). യഥാർത്ഥ പേര് ബാലഗോപാലക്കുറുപ്പ് പരമ്പരാഗത നാടക സങ്കേതങ്ങളേയും കലാസങ്കല്പങ്ങളേയും തകർത്ത കലാകാരൻ. വിശ്വരൂപം നാടകം പ്രശസ്തം. മൊഴിയാട്ടം എന്ന ഏകാങ്ക കലാരൂപം അവതരിപ്പിച്ചു.

# 5

- ഇസ്രായേലും ഈജിപ്റ്റും തമ്മിലും ജോർഡാനും സിറിയയും ഇറാക്കും തമ്മിലും ആറുദിനം നീണ്ട യുദ്ധം നടന്നു (1967). ഇസ്രയേൽ എയർ ഫോഴ്സ് ഈജിപ്റ്റിന്റെ വിമാനങ്ങൾ തകർത്തു.
- ആദ്യ ബലൂൺ യാത്ര നടന്നു (1783). ചൂടുള്ള വായു നിറച്ചു യാത്രക്കാർക്ക് ഇരിക്കാവുന്ന കൊട്ടയും ചേർത്താണ് ഈ യാത്ര സംഘടിപ്പിച്ചത്. 1800 മീറ്റർ ഉയരത്തിലും 2300 മീറ്റർ ദൂരത്തിലും പറന്ന ബലൂൺ നിർമ്മിച്ചത് ലിനൻ കൊണ്ടാണ്. പിന്നീട് മോന്റ് ഗോൾഫിർ എന്നറിയപ്പെട്ടു.



- ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനുമായ ജെ.സി. ആഡംസ് ജന്മദിനം (1819 - 1892).
- ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പിതാവായ എൻ.എം. ജോഷി ജന്മദിനം (1879 - 1955).
- അമേരിക്കൻ നരവംശ ശാസ്ത്രജ്ഞൻ റൂത്ത് ബെനഡിക്ട് ജന്മദിനം (1887 - 1948). ബെനഡിക്ടിന്റെ ആശയങ്ങൾ സാംസ്കാരിക നരവംശ ശാസ്ത്രത്തെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്.

# 6

- ഇന്ത്യൻ പട്ടാളം അമൃതസറിലെ സുവർണക്ഷേത്രം ആക്രമിച്ചു തീവ്രവാദികളെ കീഴ്പ്പെടുത്തി 1984. ഓപ്പറേഷൻ ബ്ലൂസ്റ്റാർ എന്നറിയപ്പെട്ട ആക്രമണത്തിൽ ഭീകരൻ ജർണൈൽ സിംഗ് ബിന്ദ്രൻവാല കൊല്ലപ്പെട്ടു.



- റഷ്യൻ കവി അലക്സാണ്ടർ പുഷ്കിൻ ജന്മദിനം (1799 - 1837).
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപകൻ അലൻ ഒക്ടോവിയൻ ഹ്യൂം ജന്മദിനം (1829 - 1912).
- നൊബേൽ ജേതാവ് ജർമ്മൻ നോവലിസ്റ്റ് തോമസ് മൻ ജന്മദിനം (1875 - 1955).
- ഇന്തോനേഷ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനനായകനും ആദ്യ പ്രസിഡന്റുമായ അച്ച്മെഡ് സുകാർണോ ജന്മദിനം (1901 - 1970).
- ഏകാധിപത്യത്തിന്റെ ഭീകരതക്കെതിരെയുള്ള നോവലായ **1984** ജോർജ് ഓർവ്വൽ പ്രസിദ്ധീകരിച്ചു (1949).
- മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ ജന്മദിനം (1877 - 1949). നസ്രാണി ദീപിക ലേഖകൻ, ഗവ.ചീഫ് സെക്രട്ടറി, ദിവാൻ, പേഷ്കാർ എന്നീ പദവികൾ വഹിച്ചു. കേരള സാഹിത്യ ചരിത്ര രചനയിലൂടെ ഭാഷാ ചരിത്രത്തെ തന്നെ മാറ്റി എഴുതി.
- റിച്ചാർഡ് ഹോളിംഗ് ഷെഡ് ന്യൂജർസിയിലെ കാംഡണിൽ ആദ്യ ഡ്രൈവ് ഇൻ മൂവി തിയറ്റർ തുറന്നു (1933).

# 7



- സൗത്ത് ആഫ്രിക്കയിൽ യാത്രക്കിടെ പീറ്റ് മാരിബർഗ് റെയിൽവേ സ്റ്റേഷനിൽ വച്ച് ടിക്കറ്റ് കൈയിലുണ്ടായിരുന്നിട്ടും മഹാത്മാഗാന്ധിയെ തീവണ്ടിയിൽ നിന്നും ഇറക്കിവിട്ടു (1893). ഈ സംഭവം ഗാന്ധിയിൽ സഹനസമരമെന്ന ആശയം ഉടലെടുക്കാൻ കാരണമായി.

- ഗ്രിഗോറി കലണ്ടർ ആരംഭിച്ച പോപ് ഗ്രിഗോറി XIIIന്റെ ജന്മദിനം (1502 - 1585).
- ഇന്ത്യൻ ടെന്നീസ് താരം മഹേഷ് ഭൂപതി (1974), റഷ്യൻ ടെന്നീസ് താരം അന്ന കുർണിക്കോവ (1981) എന്നിവരുടെ ജന്മദിനം.
- 1306 മുതൽ സ്കോട്ട്ലാന്റ് രാജാവായിരുന്ന റോബർട്ട് ബ്രൂസ് കുഷ്ഠരോഗം പിടിപെട്ട് 54 - ാം വയസ്സിൽ മരിച്ചു (1329).
- ആദ്യകാല ഓസ്കാർ ജേതാവ് ജെസ്സിക്ക ടാന്റി ജന്മദിനം (1909 - 1994). അമേരിക്കൻ സ്റ്റേജ് സിനിമാ നടിയായ അവർക്ക് ഡ്രൈവിംഗ് മിസ്സ് ഡെയ്സി എന്ന സിനിമയിലെ അഭിനയ ത്തിനാണ് ഓസ്കാർ ലഭിച്ചത് (1990).

# 8

- ഇന്തോനേഷ്യയുടെ രണ്ടാമത്തെ പ്രസിഡന്റ് തോജിബ് ഐ സുഹാർതോ ജന്മദിനം (1921).
- ഇന്ത്യൻ സ്റ്റേറ്റ് ബ്രോസ്കാസ്റ്റിങ് സർവ്വീസ് 'ഓൾ ഇന്ത്യാ റേഡിയോ' എന്ന പേര് സ്വീകരിച്ചു (1936).
- വേൾഡ് വൈഡ് വെബ് (www) ഡിസൈൻ ചെയ്ത ടിം ബെർനേർസ് ലീ ജന്മദിനം (1955).
- ഇ. മൊയ്തു മൗലവി ചരമദിനം (1891 - 1995). സ്വാതന്ത്ര്യ സമര സേനാനിയും ഗാന്ധിയനും, ഖിലാഫത്ത് പ്രസ്താനം, ഉപ്പു സത്യാഗ്രഹം, ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം എന്നിവയിലും പ്രവർത്തിച്ചു.
- ലോക സമുദ്രദിനം.
- മലബാർ പ്രിൻസസ് എന്ന പേരിൽ ഇന്ത്യയുടെ ആദ്യ അന്താരാഷ്ട്ര എയർ സർവ്വീസ് ആരംഭിച്ചു (1936).
- മലയാള നോവലിസ്റ്റ് ഉറൂബ് ജന്മദിനം (1915). യഥാർത്ഥ പേര് പി.സി. കുട്ടികൃഷ്ണൻ. സുന്ദരികളും സുന്ദരന്മാരും, അമ്മിണി, ഉമ്മാച്ചു എന്നിവ പ്രധാനകൃതികൾ.

# 9




- ഹോങ് കോംഗിനെബ്രിട്ടൻ ചൈനയിൽ നിന്നും പാട്ടത്തിനെടുത്തു (1898) തിരികെ ചൈനയ്ക്ക് ലഭിച്ചത് 1997 - ൽ ആണ്.
- ചാൾസ് ഡിക്കൻസ് ചരമദിനം (1812 - 1870). പ്രശസ്ത ഇംഗ്ലീഷ് നോവലിസ്റ്റ് സ്വാനുഭങ്ങൾ സാമൂഹിക പ്രശ്നത്തിലേയ്ക്ക് സമന്വയിപ്പിച്ച് സാഹിത്യ സൃഷ്ടികൾ നടത്തി.

---

- റഷ്യയിലെ സാർ ചക്രവർത്തി പീറ്റർ ഒന്നാമന്റെ ജന്മദിനം (1672 - 1725).
- നെപ്റ്റ്യൂണിനെആദ്യമായി നിരീക്ഷിച്ച ജർമ്മൻ വാനനിരീക്ഷകൻ ജോഹൻ ഗോട്ട്ഫ്രിഡ് ഗാലിയുടെ ജന്മദിനം (1812 - 1910).
- സമാധാനത്തിന്റെ നൊബേൽ പ്രൈസ് ആരംഭിക്കാൻ ആൽഫ്രഡ് നൊബേലിൽ സ്വാധീനം ചെലുത്തിയ ബെർത്ത ഫ്രീഫ്രൂ വോൺ സട്ട്നർ ജന്മദിനം (1843 - 1914). ഓസ്ട്രേലിയൻ നോവലിസ്റ്റും സമാധാനപ്രിയയുമായ അവർക്ക് 1905 - ൽ നൊബേൽ പ്രൈസ് ലഭിച്ചു.
- വാൾട്ട് ഡിസ്നിയുടെ വിവേകിയായ കുഞ്ഞു പിടക്കോഴിയിൽ (The wise little hen) കഥാപാത്രമായി ഡൊണാൾഡ് ഡക്ക് ഉദയംകൊണ്ടു (1934).
- ഒറീസയുടെ ആദ്യ വനിതാ മുഖ്യമന്ത്രി നന്ദിനി സത്പതി ജന്മദിനം (1931).
- മാഗ്സെസെ അവാർഡ് ജേതാവും ആദ്യ ഐ.പി.എസ്. വനിതയുമായ കിരൺബേദി ജന്മദിനം (1949).

# 10

- ഐക്യരാഷ്ട്ര സംഘടനയുടെ ഒത്തുതീർപ്പു പ്രകാരം ഇസ്രായേലും സിറിയയുമായുള്ള ആറുദിവസത്തെ യുദ്ധം അവസാനിച്ചു (1967).

- SOS സിഗ്നൽ (save our souls അല്ലെങ്കിൽ save our ship) ആദ്യമായി സ്ലാവോനിയയിൽ പ്രേക്ഷണം ചെയ്തു (1909).




- ഫ്രഞ്ച് ഊർജതന്ത്രജ്ഞൻ ആന്ദ്രേ മേരി ആംപയർ ഇലക്ട്രോ ഡൈനാമിക്സ് കണ്ടുപിടിച്ചു (1836). ഇലക്ട്രോ മാഗ്നറ്റിസം എന്നാണ് ഇന്നിത് അറിയപ്പെടുന്നത്.

- സർ എഡ്വിൻ ആർനോൾഡ് ജന്മദിനം (1832 - 1904). കവിയും പണ്ഡിതനുമായ ആർനോൾഡ് രചിച്ച ബുദ്ധനെക്കുറിച്ചുള്ള 'ഏഷ്യയുടെ വെളിച്ചം' പ്രശസ്ത കൃതിയാണ്.

- ഇന്ത്യൻ ബാഡ്മിന്റൻ താരം പ്രകാശ് പദുകോൺ ജന്മദിനം (1956). ഓൾ ഇംഗ്ലണ്ട് ചാമ്പ്യൻഷിപ്പ് നേടുന്ന ആദ്യ ഇന്ത്യക്കാരൻ (1980).

# 11



- ജപ്പാനീസ് നോവലിസ്റ്റും 1968 ലെ നൊബേൽ ജേതാവുമായ യസുനാരി കബാബത്ത ജന്മദിനം (1899 - 1972).

---

- റഷ്യൻ അത്‌ലറ്റും ഹാമർ ത്രോവറുമായ യൂറി സെഡിഖ് ജന്മദിനം (1955). എട്ട് ലോകറിക്കോർഡിനും രണ്ട് സുവർണ മെഡലിനും ഉടമയാണ്.
- പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ ആഗ്രഹ പ്രകാരം അദ്ദേഹത്തിന്റെ ചിതാഭസ്മം രാജ്യത്തുടനീളം വിതറി (1964).
- മഹാത്മാ ഗാന്ധിയുടെ അടുത്ത ചങ്ങാതിയും ഇന്ത്യൻ വ്യവസായിയുമായ ഗാൻശ്യാംദാസ് ബിർള ലണ്ടനിൽ വച്ച് 89 - ാം വയസ്സിൽ നിര്യാതനായി (1983).
- മാർഗരറ്റ് താച്ചർ തുടർച്ചയായി മൂന്നാം തവണ ബ്രിട്ടീഷ് പ്രധാനമന്ത്രിയായി (1987).

# 12



- ആൻ ഫ്രാങ്ക് ജന്മദിനം (1929-1945). ജർമനിയിലെ ഫ്രാങ്ക്ഫർട്ട് - ഔൺ-മെയ്നിൽ ജനനം. നാസികളിൽ നിന്നും രക്ഷപ്പെടാൻ 1933-ൽ ഹോളണ്ടിൽ കുടിയേറി. ജർമൻ പട്ടാളം ഹോളണ്ടിനെ ആക്രമിച്ചപ്പോൾ ആൻ ഫ്രാങ്കും കുടുംബവും ഒളിവിൽപോയി. നാസി പോലീസ് ഒളിത്താവളം കണ്ടുപിടിച്ച് ആൻഫ്രാങ്കിനെ തടവിലാക്കി. ഒളിവിലായിരുന്ന കാലത്തെ ഡയറിക്കുറിപ്പുകൾ എഴുപത് ഭാഷകളിൽ 20 ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞു. നാസി തടവിൽ വച്ച് ടൈഫസ് പിടിപെട്ട് ആൻഫ്രാങ്ക് മരിച്ചു. ഒളിവിൽ താമസിച്ചിരുന്ന വീട് ഇപ്പോൾ മ്യൂസിയമാണ്.

---

- ഫിലിപ്പൈൻസ് സ്വാതന്ത്ര്യദിനം (1898). മുനിസിപ്പൽ മേയറും റിബൽ ഫോഴ്സ് സൈന്യാധിപനുമായ എമിലിയോ അഗ്വിനാൾഡോ ആണ് തെക്കേ മനിലയുടെ നഗരങ്ങളെ വിമോചിപ്പിച്ച് ഫിലിപ്പൈൻസിന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്. അടുത്ത വർഷം ഗവൺമെന്റ് രൂപീകരിച്ചു. അഗ്വിനാൾഡോ തന്നെയായിരുന്നു പ്രഥമ പ്രസിഡന്റ്.

- ഇംഗ്ലീഷ് വിദ്യാഭ്യാസ പ്രവർത്തകനും ഹെഡ്മാസ്റ്ററുമായ തോമസ് ആർനോൾഡ് പൊതു വിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരിച്ചു (1842). പിറ്റേദിവസം അദ്ദേഹം അന്തരിച്ചു. തോമസ് ഹഗ്സ് രചിച്ച 'ടോം ബ്രൗൺസിന്റെ സ്കൂൾ ദിനങ്ങൾ' എന്ന നോവലിൽ തോമസ് ആർനോൾഡിനെഅനശ്വരമാക്കിയിട്ടുണ്ട്. പ്രശസ്ത കവി മാത്യൂ ആർനോൾഡ് മകനാണ്.

- പാക്കിസ്ഥാൻ ക്രിക്കറ്റ് കളിക്കാരൻ ജാവേദ് മിയാൻദാദ് ജന്മദിനം (1957). തുടർച്ചയായി അമ്പതിലധികം ടെസ്റ്റുമാച്ചിൽ പങ്കെടുത്തിട്ടുണ്ട്.

# 13

- ഉദ്ധംസിംഗ് രക്തസാക്ഷി ദിനം (1940). ജാലിയൻ വാലാബാഗ് കൂട്ടക്കൊല കാലയളവിൽ പഞ്ചാബ് ഗവർണറായ മൈക്കൽ ഒ ഡെയറെ ഉദ്ധംസിംഗ് വധിച്ചു. ഇതിനെതുടർന്ന് ഉദ്ധംസിംഗിനെ തൂക്കിലേറ്റി.
- ചിരഞ്ജീവ് മിൽഖ് സിംഗ് യു.എസ്. ഓപ്പൺ ഗോൾഫ് ചാമ്പ്യൻ ഷിപ്പിൽ കളിക്കുന്ന ആദ്യ ഇന്ത്യക്കാരനായി (2002).
- സ്വീഡിഷ് രാഷ്ട്രതന്ത്ര വിദഗ്ദ്ധനും രാഷ്ട്രീയക്കാരനുമായ റുഡോൾഫ് ജെല്ലൻ ജന്മദിനം (1864-1922). ജീയോ പൊളിറ്റിക്സ്, ഓഷ്യോ പൊളിറ്റിക്സ്, ഡെമോ പൊളിറ്റിക്സ് എന്നിവ കൊണ്ടുവന്നത് ഇദ്ദേഹമാണ്.



---

- ഡബ്ല്യു.ബി.യേറ്റ്സ് ജന്മദിനം (1865-1939). ഐറിഷ് കവിയും നാടകകൃത്തും ഗദ്യകാരനും. 1923-ൽ സാഹിത്യ നൊബേൽ പുരസ്കാരം ലഭിച്ചു.

# 14

- ഇറ്റലിയിൽ അലക്സാണ്ട്രിയയിലെ മരങ്ങോ യുദ്ധത്തിൽ നെപ്പോളിയൻ ഓസ്ട്രിയയെ തോൽപ്പിച്ചു (1800).
- ഇന്ത്യയുടെ നാരായൺ കാർത്തികേയൻ ഇംഗ്ലണ്ടിലെ സിൽവർ സ്റ്റോൺ ട്രാക്കിൽ ഒരു കാറുമായി ജാഗർ റൈസിംഗ് ടീമിൽ ടെസ്റ്റ് ഡ്രൈവ് നടത്തി (2001). ഫോർമുല വൺ കാറോട്ട മത്സരത്തിൽ വിജയിക്കുന്ന ആദ്യ ഇന്ത്യക്കാരനും ആദ്യ ജപ്പാനിതര ഏഷ്യക്കാരനുമാണ് കാർത്തികേയൻ.
- അമേരിക്കൻ കോൺഗ്രസ് നക്ഷത്രാങ്കിതമായ പുതിയ പതാക രാജ്യത്തിനായി സ്വീകരിച്ചു. (1777).
- അമേരിക്കൻ നോവലിസ്റ്റ് ഹാരിയറ്റ് ബീച്ചർ സ്റ്റോവ് ജന്മദിനം (1811 - 1869). അടിമത്തം അമേരിക്കയിൽ സിവിൽ യുദ്ധത്തിലേയ്ക്ക് നയിച്ച തെങ്ങനെഎന്ന് 'അങ്കിൾ ടോമിന്റെ ക്യാബിൻ' എന്ന നോവലിൽ പറയുന്നു.
- ക്യൂബൻ വിപ്ലവ നേതാവ് ഏണസ്റ്റോ ചെ ഗുവേര ജന്മദിനം (1928 - 1967).



---

- ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് ജന്മദിനം (1909 - 1998).
- കുട്ടികൃഷ്ണ മാരാർ ജന്മദിനം (1900 - 1973). വിമർശനശാഖയെ സർഗ്ഗാത്മക തലത്തിലേക്കുയർത്തിയ എഴുത്തുകാരൻ. വ്യാസ മഹാഭാരതത്തെ ലളിതവും സമഗ്രവുമായി ജനങ്ങളിലെത്തിച്ച ഭാരതപര്യടനമുൾപ്പടെ നിരവധി കൃതികൾ.

# 15

- രാഷ്ട്രീയവും വ്യക്തിപരവുമായ സ്വാതന്ത്ര്യം ഉറപ്പാക്കുന്ന മാഗ്നാകാർട്ട ജോൺരാജാവ് ഇംഗ്ലണ്ടിൽ ഒപ്പുവച്ചു (1215).
- മുഗൾഭരണാധികാരി ഔറംഗസേബ് അധികാരത്തിലേറി (1659).
- ബഞ്ചമിൻ ഫ്രാങ്ക്ളിൻ തന്റെ പ്രശസ്തമായ പട്ടം ഉപയോഗിച്ചുള്ള പരീക്ഷണത്തിൽ ലഭിച്ച വൈദ്യുതികൊണ്ട് വെളിച്ചമുണ്ടാക്കി (1752). വീട്ടിൽ വൈദ്യുതിമണിയും അദ്ദേഹം സ്ഥാപിച്ചു.
- ബ്രിട്ടീഷ് വൈമാനികരായ ജോൺ ആൽകോക്കും, ആർതർബ്രൗണും ആദ്യനോൺ സ്റ്റോപ്പ് വിമാനം പൂർത്തീകരിച്ചു.
- ന്യൂഫൗണ്ട്ലാന്റിൽ നിന്ന് അയർലാന്റിലേയ്ക്കുള്ള വിക്കേഴ്സ് വിമി ബോമ്പർ പ്ലെയിൻ 1890 മൈൽ 16 മണിക്കൂർ കൊണ്ട് പിന്നിട്ടു. ലണ്ടനിലെ സയൻസ് മ്യൂസിയത്തിൽ ഈ വിമാനം കാണാം.



- ചെറുകാട് ഗോവിന്ദ പിഷാരടി ജന്മദിനം (1915 - 1976). നാടകകൃത്ത്, നോവലിസ്റ്റ്, സാമൂഹിക പ്രവർത്തകൻ. മലങ്കാടൻ എന്ന തൂലികാനാമത്തിൽ എഴുതിയിട്ടുണ്ട്. “ജീവിതപ്പാത” അദ്ദേഹത്തിന്റെ മികച്ച ആത്മകഥയാണ്. ശക്തി അവാർഡെന്ന പേരിൽ ചെറുകാടിന്റെ പേരിൽ സാഹിത്യപുരസ്ക്കാരം നൽകിവരുന്നു.

# 16

- ഹെൻറിഫോഡ് വൈസ് പ്രസിഡന്റും ചീഫ് എഞ്ചിനീയറുമായി ഫോർഡ് മോട്ടോർ കമ്പനി ആരംഭിച്ചു (1903).
- പെപ്സികോള അമേരിക്കയിൽ രജിസ്റ്റർ ചെയ്തു (1903). 1922 മുതൽ കൊക്കോകോള എന്ന പേരിലറിയപ്പെട്ട ഈ പാനീയത്തിന്റെ ആദ്യനാമം ബ്രാൻഡ്സ് ഡ്രിങ്ക് എന്നായിരുന്നു. അമേരിക്കൻ യുവഫാർമസിസ്റ്റ് ഗലേബ് ബ്രാദ്ദം ആണ് ഇത് കണ്ടുപിടിച്ചത്.
- ചിത്തരഞ്ജൻദാസ് ബംഗാളിൽ സ്വരാജ് പാർട്ടി രൂപീകരിച്ചു (1925). അഭിഭാഷകനും, രാഷ്ട്രീയനേതാവും കോൺഗ്രസ് പ്രസിഡന്റുമായിരുന്ന ദാസ് 54-ാം വയസ്സിൽ ഡാർജിലിംഗിൽ വച്ച് മരണമടഞ്ഞു.
- വാലെന്റിനതെരെഷ്കോവ ബഹിരാകാശത്തെത്തി (1963). 48 തവണ ഭൂമിയെ ചുറ്റിസഞ്ചരിച്ചുകൊണ്ട് 70 മണിക്കൂർ 40 മിനിറ്റ് ബഹിരാകാശത്ത് ചിലവഴിച്ച തെരെഷ്കോവ വോസ്റ്റോക് - 6 എന്ന വാഹനമാണ് ഉപയോഗിച്ചത്.



# 17

- ഗ്വാളിയറിലെ കോട്ട കി സരയിൽ നടന്ന യുദ്ധത്തിൽ ത്സാൻസിയിലെ റാണിലക്ഷ്മിഭായി ബ്രിട്ടീഷ് ഹൂസൂറിനെവധിച്ചു (1858). ഈ വനിത റെബലുകളിലെ ഏകപുരുഷനാണെന്ന് ജനറൽ ഹഗ്റോസ് അഭിപ്രായപ്പെട്ടു.
- ഇന്ത്യൻ ടെന്നീസ് താരം ലിയാണ്ടർ പെയ്സ് ജന്മദിനം (1973). മഹേഷ് ഭൂപതിയോടൊപ്പം ഫ്രഞ്ച് ഓപ്പണിലും വിംബിൾഡൺ ഡബിൾസിലും വിജയിച്ചു.
- ചട്ടലംഘനത്തിന്റെ പേരിൽ അമേരിക്കയിലെ ഡെമോക്രാറ്റിക് പാർട്ടി ആസ്ഥാനമായ വാട്ടർഗേറ്റ് ബിൽഡിംഗിൽ അഞ്ചുപേരെ അറസ്റ്റു ചെയ്തു (1972). ഇത് അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സന്റെ രാജിക്ക് കാരണമായ വാട്ടർഗേറ്റ് പ്രശ്നത്തിന്റെ ഉറവിടമായി.
- ചങ്ങമ്പുഴ കൃഷ്ണപിള്ള ചരമദിനം (1911 - 1948). കവി, അദ്ധ്യാപകൻ. മലയാളത്തിൽ ഏറ്റവുമധികം വിറ്റഴിഞ്ഞ കൃതിയാണ് ചങ്ങമ്പുഴയുടെ രമണൻ. അമ്പതോളം കൃതികൾ രചിച്ചു.



# 18

- വെല്ലിംഗ്ടണിലെ ഡ്യൂക്ക് ആർതർ വെല്ലസ്ലി നെപ്പോളിയൻ ബോണപ്പാട്ടിനെ വാട്ടർലൂ യുദ്ധത്തിൽ തോൽപ്പിച്ചു (1815). നാലു ദിവസത്തിനു ശേഷം നെപ്പോളിയൻ സ്ഥാനത്യാഗം ചെയ്തു.



- ഇന്ത്യയുടെ ശകുന്തളാദേവി ലണ്ടനിലെ ഇംപീരിയൽ കോളേജിലെ കമ്പ്യൂട്ടർ വകുപ്പിൽ വച്ച് ഒരു ക്രമവുമില്ലാതെയെടുത്ത രണ്ട് 13 അക്കങ്ങൾ ഗുണിച്ച് 28 സെക്കന്റിൽ ഉത്തരം കണ്ടെത്തി (1980).

7686 369 774 870 X<br>
2465 099 745 779<br>
———————————————<br>
18947 668 177 995 426 462 773730

ഗുണനകണക്ക് ഇതായിരുന്നു.

---

- അമേലിയ എർഹാർട്ട് ന്യൂഫൗണ്ട്ലാന്റ് മുതൽ വെയ്ത്സ് വരെ വെറും 21 മണിക്കൂർ സമയമെടുത്ത് വിമാനയാത്ര നടത്തി (1928). പൈലറ്റ് വിൽമർ സ്റ്റൾസിനോടൊപ്പമായിരുന്നു യാത്ര. അത്ലാന്റിക് സമുദ്രം കുറുകെ പറന്ന ആദ്യവൈമാനികയാണ് അവർ.

- അയ്യൻകാളി ചരമദിനം (1863 - 1941). തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിൽ ജനനം. പുലയമഹാജനസഭയുടെ പ്രാഗ്രൂപമായ സാധുജനപരിപാലനസംഘം 1905 - ൽ രൂപീകരിച്ചു. പ്രമാണിമാരുമായുള്ള ഏറ്റുമുട്ടൽ കൊല്ലവർഷം 1090 - ൽ നടന്നു. ഇത് തൊണ്ണൂറാമാണ്ട് ലഹളകൾ എന്നറിയപ്പെട്ടു. ഹരിജനസ്കൂൾ പ്രവേശം, മാറുമറയ്ക്കാനുള്ള അവകാശസമരം എന്നിവ ഫലവത്തായി.

# 19



- വായനാദിനം, പി.എൻ.പണിക്കർ ചരമദിനം (1909 - 1995). ഗ്രന്ഥശാലാ സംഘത്തിലൂടെ വായനപ്രോത്സാഹിപ്പിക്കാൻ പണിക്കർ ചെയ്ത യജ്ഞങ്ങളെ പുരസ്കരിച്ചാണ് ഈ ദിനം ആചരിക്കുന്നത്.

---

- പാസ്ക്കൽ നിയമത്തിന്റെ ഉപജ്ഞാതാവ്. ബ്ലെയ്സ് പാസ്ക്കൽ ജന്മദിനം (1623 - 1662). ഒരു ത്രികോണത്തിലെ മൂന്നു കോണുകളുടെ ആകെ തുക 180 ഡിഗ്രിയാണെന്ന് തെളിയിക്കാൻ ശ്രമിച്ചു. 19 - ാം വയസ്സിൽ പാസ്ക്കൽ കണക്കു കൂട്ടുന്നതിന് പ്രായോഗിക കണക്കുക്കൂട്ടൽ യന്ത്രം നിർമിച്ചു. "നിശ്ചലദ്രവത്തിൽ ഒരു ഭാഗത്തു പ്രയോഗിക്കുന്ന മർദ്ദം എല്ലാ ദിശകളിലും വരുന്നു" എന്ന പാസ്ക്കൽ നിയമം (Pascal law of pressure 1647-1954) ആവിഷ്ക്കരിച്ചു.
- ഇന്ത്യയുടെ ആദ്യ വാർത്താ വിനിമയ ഉപഗ്രഹം ആപ്പിൾ (Ariane Passenger payload experiment) വിക്ഷേപിച്ചു (1981).
- ആംഗ്ലോ ഇന്ത്യൻ നോവലിസ്റ്റ് സൽമാൻ റുഷ്ദി ജന്മദിനം (1947). റുഷ്ദിയുടെ സാത്താന്റെ വചനങ്ങൾ എന്ന നോവൽ ഏറെ വിവാദമുയർത്തുന്നു.
- ക്രിക്കറ്റ് മത്സരത്തിൽ ഇംഗ്ലണ്ടിന്റെ ഇയാൻ ബോതം ആദ്യ സെഞ്ച്വറി നേടി (1978). ലോഡ്സിൽ പാക്കിസ്ഥാനെതിരെയുള്ള മത്സരത്തിൽ ബോതം 8 വിക്കറ്റെടുത്തു.

# 20

- കൊൽക്കത്ത ഇരുട്ടറ ദുരന്തദിനം (1756). നവാബ് സിറാജ് ഉദ് ദൗള 18 അടി നീളവും 14 അടി 10 ഇഞ്ച് വീതിയുമുള്ള ബ്രിട്ടീഷ് തടവറയിൽ 146 പേരെ പൂട്ടി. ഈ പൈശാചിക നടപടിക്കൊടുവിൽ ജീവൻ അവശേഷിച്ചത് 23 പേരുടെ മാത്രമായിരുന്നു. പിൽക്കാല കണക്കെടുപ്പിൽ തടവറയിൽ പ്രവേശിപ്പിച്ചത് 64 പേരും അവശേഷിച്ചത് 21 പേരുമാണെന്നാണ് ലഭിച്ച വിവരം.

- ഫ്രഞ്ച് വിപ്ലവത്തിനു മുന്നോടിയായി പ്രശസ്തരായ ടെന്നീസ് കോർട്ട് ഓത്ത് നടന്നു (1789). പാരീസിലെ ടെന്നീസ് കോർട്ടിൽ നാഷണൽ അസംബ്ലിയുടെ ആഹ്വാനപ്രകാരം കൂടിച്ചേർന്നാണ് ഓത്ത് ചൊല്ലിയത്.

- വില്യം നാലാമൻ രാജാവിന്റെ മരണത്തെ തുടർന്ന് 18 കാരിയായ മരുമകൾ വിക്ടോറിയ ഇംഗ്ലണ്ട് രാജ്ഞിയായി (1837). അരനൂറ്റാണ്ടിനു ശേഷം മുംബൈയിലെ റെയിൽവേ സ്റ്റേഷന് വിക്ടോറിയയുടെ സുവർണ്ണജൂബിലിയെ തുടർന്ന് വിക്ടോറിയ ടെർമിനൽ എന്ന് നാമകരണം ചെയ്തു. 99 വർഷത്തിനുശേഷം ഛത്രപതി ശിവജി ടെർമിനൽ എന്നായി റെയിൽവേ സ്റ്റേഷന്റെ നാമകരണം.

- ലോക അഭയാർത്ഥിദിനം. അഭയാർത്ഥി പ്രശ്നം കൂടുതലായി അനുഭവിക്കുന്നത് ആഫ്രിക്കയിലാണ്. ഈ ആഫ്രിക്കൻ പ്രശ്നം ലോക പ്രശ്നമായികണ്ട് ഐക്യരാഷ്ട്ര സംഘടന 2001 മുതൽ ലോകം മുഴുവൻ ആചരിക്കാൻ തുടങ്ങി.



# 21

- ചക്രവർത്തി രാജഗോപാലാചാരി ഇന്ത്യാക്കാരനായ ആദ്യ ഗവർണ്ണർ ജനറലായി (1948).
- മെക്സിക്കോ സിറ്റിയിൽ നടന്ന ലോകഫുട്ബാൾ ചാമ്പ്യൻഷിപ്പിൽ ബ്രസീൽ റെക്കോർഡോടെ മൂന്നാമതും വിജയികളായി. ഇറ്റലിയെ തോൽപ്പിച്ച കളിക്കൊടുവിൽ റൂൾസ് റിമറ്റ് ട്രോഫി സ്ഥിരമായി ബ്രസീലിനു ലഭിച്ചു.
- ഴാങ് പോൾ സാർത്ര് ജന്മദിനം (1905 - 1980). ഫ്രഞ്ച് നോവലിസ്റ്റും നാടകകൃത്തും അസ്ഥിത്വവാദത്തിന്റെ പ്രയോക്താവും. 1964 - ൽ ലഭിച്ച സാഹിത്യ നൊബേൽ പുരസ്ക്കാരം സാർത്ര് നിരസിച്ചു.
- ബേനസീർ ഭൂട്ടോ ജന്മദിനം (1953 - 2007). പാക്കിസ്ഥാൻ രാഷ്ട്രീയനേതാവും പ്രധാന മന്ത്രിയുമായിരുന്നു. ആധുനിക ചരിത്രത്തിൽ കരുത്തുറ്റ മുസ്ലീം നേതാവായിരുന്നു ബേനസീർ.
- മലയാള നോവലിസ്റ്റ് മാടമ്പു കുഞ്ഞുക്കുട്ടൻ ജന്മദിനം (1946). ആനപ്പണി പഠിക്കുകയും, മാതംഗലീല ഹൃദിസ്ഥമാക്കുകയും ചെയ്തു.
- ലോക സംഗീതദിനം. ഫ്രാൻസിലാണ് ഇതിന്റെ തുടക്കം. 1982 മുതൽ ലോകം മുഴുവൻ ആചരിച്ചു തുടങ്ങി.



# 22

- ജോർജ്ജ് വാൻകോവർ ജന്മദിനം (1757 - 1798) ഈ ഇംഗ്ലീഷ്നാവികന്റെ പേരാണ് പിൽക്കാലത്ത് വാൻകോവർ ഐലന്റിന് നൽകിയത്.
- ഇംഗ്ലീഷ് നോവലിസ്റ്റ് സർ റൈഡർ ഹെഗാർഡ് ജന്മദിനം (1856 - 1925). "സോളമന്റെ നിധി" ഹെഗാർഡിന്റെ പ്രശസ്തമായ നോവലാണ്.



- ഓപ്പറേഷൻ ബാർബറോസ (1941) നടന്നു. ജർമ്മനി റഷ്യയിലേയ്ക്ക് ആക്രമിച്ചു കയറി 120 ഡിവിഷനിലെ 2300 കിലോമീറ്റർ ദൂരം കീഴടക്കി.

---

- ജർമൻ എഞ്ചിനീയർ കോൺറാഡ് സ്യൂസ് ജന്മദിനം (1910 - 1995). Z3 എന്നറിയപ്പെട്ട ആദ്യ ഡിജിറ്റൽ കമ്പ്യൂട്ടർ 1941 - ൽ നിർമിച്ചത് ഇദ്ദേഹമാണ്.



- നാടകക്കളരി എന്ന ആശയത്തിന്റെ ഉപജ്ഞാതാവായ ജി. ശങ്കരപ്പിള്ള ജന്മദിനം(1930). ജി. ശങ്കരപ്പിള്ള രചിച്ച മലയാള നാടക സാഹിത്യ ചരിത്രം ശ്രദ്ധേയമാണ്. സ്കൂൾ ഓഫ് ഡ്രാമ ഡയറക്ടർ, കേരള സംഗീത നാടക അക്കാദമി ചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

# 23

- റോബർട്ട് ക്ലൈവ് ബംഗാൾ നവാബ് സിറാജ് ഉദ് ദൗളയെ പ്ലാസിയിൽ വച്ച് കീഴടക്കി (1757). ബംഗാളിൽ ആധിപത്യ മുറപ്പിക്കാനും ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ വരാനും പ്ലാസിയുദ്ധം വഴിത്തിരിവായി.



- ഭാരതീയ ജനസംഘം സ്ഥാപകൻ ഡോ.ശ്യാമപ്രസാദ് മുഖർജി ചരമദിനം (1953). കാഷ്മീരിൽ തടവുകാരനായിരിക്കെയാണ് നിര്യാണം.
- സഞ്ജയ്ഗാന്ധി വിമാനാപകടത്തിൽ കൊല്ലപ്പെട്ടു (1980). 1985-ൽ ഇതേ ദിനം നടന്ന എയർഇന്ത്യയുടെ 747 എംപറർ കനിഷ്ക്ക പൊട്ടിത്തെറിച്ച് 329 പേർ മരിച്ചു. ഐറിഷ് കോസ്റ്റിൽ നടന്ന ഈ ദുരന്തത്തിന്റെ സംശയമുനനീണ്ടത് സിഖ് ഭീകരവാദികളിലേയ്ക്കാണ്.
- ഡോ. ജോനാസ് സാൾക്ക് പോളിയോക്കെതിരെയുള്ള വാക്സിൻ വികസിപ്പിച്ചെടുത്തു (1995).
- ഒരു സിംഗിൾ ഒളിമ്പിക്സിൽ മൂന്ന് ട്രാക്ക് ആന്റ് ഫീൽഡ് സ്വർണ്ണമെഡൽ നേടിയ അമേരിക്കൻ വനിത വിൽമ റുഡോൾഫ് ജന്മദിനം (1940-1994).
- കമ്പ്യൂട്ടറിന്റെ പിറവിക്ക് കാരണക്കാരനായ അലൻ ടൂറിംഗ് ജന്മദിനം (1912-1954). കുഴപ്പം പിടിച്ച കണക്കുകൾ യന്ത്രം കൊണ്ട് കണ്ടുപിടിക്കാനാവുമെന്ന് യൂണിവേഴ്സൽ ടൂറിംഗ് മെഷീൻ എന്ന യന്ത്രത്തിന്റെ കണ്ടുപിടുത്തത്തിലൂടെ തെളിയിച്ചു. 1942-ൽ കൊളോസസ് എന്ന കമ്പ്യൂട്ടറും ഓട്ടോമാറ്റിക് കമ്പ്യൂട്ടിംഗ് എഞ്ചിൻ എന്ന കമ്പ്യൂട്ടറും നിർമ്മിച്ചു.
- പൊതുസേവനദിനം. 2003 മുതൽ ഐക്യരാഷ്ട്ര സംഘടന ഈ ദിനം ആചരിക്കുന്നു.

# 24



- സോൾ ഫെറിനോ യുദ്ധം നടന്നു (1859). ഓസ്ട്രിയൻ ആർമിയും ഫ്രാൻകോ പീഡ്മൊന്റീസ് ആർമിയും തമ്മിലുള്ള ഏറ്റുമുട്ടൽ രക്തരൂക്ഷിതമായിരുന്നു. ഇതിൽ ദൃക്സാക്ഷിയായതാണ് ഹെൻറി ഡുനാന്റിന് റെഡ്ക്രോസ് പ്രസ്ഥാനമുണ്ടാക്കാൻ പ്രചോദനമായത്.

---

- ആംബ്രോസ് (ഗ്വിറ്റ്) ബെയേഴ്സ് ജന്മദിനം (1842-1914). അമേരിക്കൻ പത്രപ്രവർത്തനകനും ഹാസ്യസാഹിത്യകാരനും. വിരോധാഭാസ നിർവചനം നൽകുന്ന അദ്ദേഹത്തിന്റെ ഡെവിൾസ് ഡിക്ഷണറിയിൽ ഇങ്ങനെപറയുന്നു - ദുരന്തം രണ്ടുതരത്തിലാണ്. ഒന്ന് നമ്മുടെ ദൗർഭാഗ്യവും മറ്റുള്ളവരുടെ ഭാഗ്യവും.
- സിഖ് അകാലിദൾ നേതാവ് മാസ്റ്റർ താരാസിംഗ് ജന്മദിനം (1885-1967). പഞ്ചാബി സംസാരിക്കുന്ന സംസ്ഥാനത്തിനായി പടപൊരുതി. 1966-ൽ അത് യാഥാർത്ഥ്യമായി.
- സിസ്റ്റർ മേരി ബനീഞ്ഞ ജന്മദിനം (1901-1985). കൂത്താട്ടുകുളത്ത് ജനനം. മേരി ജോൺ തോട്ടം എന്നാണ് യഥാർത്ഥ പേര്.

# 25




- ഇന്ത്യയുടെ അവസാനവൈസ്രോയി ലൂയി മൗണ്ട്ബാറ്റൻ പ്രഭു ജന്മദിനം (1900 - 1979).
- ഇംഗ്ലീഷ് നോവലിസ്റ്റ് ജോർജ് ഓർവ്വൽ ജന്മദിനം (1903 - 1950). അനിമൽ ഫാം, 1984 എന്നീ പുസ്തകങ്ങൾ പ്രശസ്തം.

---

- മുൻപ്രധാനമന്ത്രി വിശ്വനാഥ് പ്രതാപ്സിംഗ് ജന്മദിനം (1931).
- ആറുമാസക്കാലത്തെ ചർച്ചക്കൊടുവിൽ യുഗോസ്ലാവ്യയുടെ ആറ് റിപ്പബ്ലിക്കുകൾ ഫെഡറേഷനായി നിൽക്കാൻ തീരുമാനിച്ചു (1991). സ്ലോവാക്യയും ക്രൊയേഷ്യയും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.
- മൂർക്കോത്തു കുമാരൻ ജന്മദിനം (1874 - 1941). പത്രാധിപർ, അദ്ധ്യാപകൻ വാഗ്മി എന്നീ നിലകളിൽ പ്രശക്തൻ. 1919 - ൽ വിദ്യാലയം എന്ന വിദ്യാഭ്യാസ മാസിക തുടങ്ങി.
- വിലാസിനി ജന്മദിനം (1928). യഥാർത്ഥ നാമം മൂർക്കനാട് കൃഷ്ണൻകുട്ടി മേനോൻ, നോവലിസ്റ്റ്, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. മലയാളത്തിലെ ഏറ്റവും വലിയ നോവലായ അവകാശികളുടെ കർത്താവ്.

# 26

- രാഷ്ട്രപതി ഫക്രുദീൻ അലി അഹമ്മദ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു (1975). ഭരണഘടനയുടെ 352-ാം വകുപ്പനുസരിച്ച് ഇന്ത്യൻ ജനാധിപത്യം ആഭ്യന്തര വെല്ലുവിളി നേരിടുന്നുവെന്നാണ് കാരണമായി പറഞ്ഞത്.

- ചൗസ യുദ്ധത്തിൽ ഷേർഷാ ഹുമായൂണിനെതോൽപ്പിച്ചു (1539). ആയിരക്കണക്കിനാൾക്കാരെ അഫ്ഗാൻകാർ വധിച്ചു. ഓടി രക്ഷപ്പെടാൻ വേണ്ടിയുള്ള ശ്രമത്തിനിടയിൽ ഗംഗാനദിയിൽ മുങ്ങി ധാരാളം പേർ മരിച്ചു.




- ആദ്യത്തെ മോട്ടാർ റൈസിംഗ് ഗ്രാന്റ്പ്രിക്സ് ഫ്രാൻസിൽ സംഘടിപ്പിച്ചു (1906). പന്ത്രണ്ട് ഭാഗങ്ങളിലായി 65 മൈൽ ത്രികോണാകൃതിയിലുള്ള വേദികളിലായിരുന്നു മത്സരം.

- പേൾ എസ് ബക്ക് ജന്മദിനം (1892-1973). അമേരിക്കൻ നോവലിസ്റ്റും 1938-ലെ സാഹിത്യനോബൽ ജേതാവുമായ ബക്കിന്റെ നോവലുകളിൽ ചൈനയിലെ ജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ കാണാം.

- മയക്കുമരുന്നു വിരുദ്ധദിനം. 1987 ഡിസംബർ 7-നാണ് ഐക്യരാഷ്ട്രസംഘടനഈ തീരുമാനമെടുത്തത്. മയക്കുമരുന്നുപയോഗിക്കാത്ത ഒരു തലമുറയെ വാർത്തെടുക്കുക യെന്ന താണ് ലക്ഷ്യം.

# 27



- ഹെലൻ കെല്ലർ ജന്മദിനം (1880 - 1968). അന്ധയും, ബധിരയും, ഊമയുമായിരുന്നിട്ടും വിദ്യാഭ്യാസ മണ്ഡലങ്ങളിൽ നിസ്തുല സംഭാവനനൽകി. മുഴുവൻ പേര് ഹെലൻ ആഡംസ് കെല്ലർ. ആനി സുള്ളിവൻ എന്ന അദ്ധ്യാപികയാണ് ഹെലനെ ബ്രയിൽ ലിപിയിലൂടെ ശക്തമായ തിരിച്ചുവരവിന് സാദ്ധ്യത നൽകിയത്. "സ്റ്റോറി ഓഫ് മൈ ലൈഫാ"ണ് ഹെലന്റെ ആത്മകഥ.

---

- മഹാരാജാ രജ്ഞിത് സിംഗ് ലാഹോറിൽ വച്ച് 56 - ാം വയസ്സിൽ അന്തരിച്ചു (1859). പഞ്ചാബിലെ ഭരണാധികാരിയായി നാലു പതിറ്റാണ്ട് പിന്നിടുമ്പോഴായിരുന്നു അന്ത്യം. നാലു ഭാര്യമാരും 7 കന്യകകളും സിഖ് നിയമങ്ങൾക്ക് വിരുദ്ധമായി സംസ്ക്കാര ചടങ്ങിൽ വച്ച് സതി അനുഷ്ഠിച്ചു. ആറു വർഷത്തിനുശേഷം സിഖ് നേതൃത്വത്തിന്റെ തമ്മിൽപ്പോരിൽ രജ്ഞിത്സിംഗ് സ്ഥാപിച്ച സിഖ് രാഷ്ട്രം നാമാവശേഷമായി.

- ആർതർ മൈക്കൽ റാംസി കാന്റർബറി കത്തീഡ്രലിലെ നൂറാമത് ആർച്ച് ബിഷപ്പായി സ്ഥാനാരോഹണം ചെയ്തു (1961).

- അമേരിക്കൻ ഊർജ്ജതന്ത്രജ്ഞൻ മെർലേ ആന്റണി തുവേ ജന്മദിനം (1901 - 1982). റഡാർ വികസിപ്പിച്ചെടുക്കുന്നതിൽ ആശയപരമായ അടിത്തറ നൽകിയത് തൂവേയാണ്.

# 28

- മുൻപ്രധാനമന്ത്രി പി.വി.നരസിംഹറാവു ജന്മദിനം (1921). ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റായിരുന്ന റാവു ബഹുഭാഷാപണ്ഡിതനും, രാഷ്ട്രതന്ത്രജ്ഞനുമായിരുന്നു. ഇൻസൈഡർ റാവുവിന്റെ ആത്മകഥാപരമായ നോവലാണ്.

- സെർബ് ദേശീയവാദി ഗാവ്റിലോ പ്രിൻസിപ്പ് ഓസ്ട്രിയൻ ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാഡിനേയും ഭാര്യ സോഫിയേയും സെറാജെവോയിൽ വച്ച് വധിച്ചു. ഈ സംഭവം ഒന്നാം ലോകയുദ്ധത്തിന് പ്രാരംഭമായി.



- പ്രശാന്ത ചന്ദ്രമഹലനോബീസ് ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. (1972). ഊർജ്ജതന്ത്രജ്ഞനും സ്ഥിതിവിവരക്കണക്കിൽ വിദഗ്ദനുമായ ഇദ്ദേഹം പിറ്റേദിവസം, 79-ാം ജന്മദിനത്തിൽ അന്തരിച്ചു (1893-1972). ഇന്ത്യയുടെ വ്യവസായവൽക്കരണതന്ത്രങ്ങളാവിഷ്ക്കരിച്ച ഇദ്ദേഹത്തെയാണ്-മഹലനോബീസ് മോഡൽ-രണ്ടാം പഞ്ചവത്സര പദ്ധതിക്ക് (1956-1961) ആധാരമാക്കിയത്. നാഷണൽ സാമ്പിൾ സർവ്വേ സ്ഥാപിച്ചതും സ്ഥിതിവിവരങ്ങൾ ഏകോപിപ്പിക്കാൻ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ സ്ഥാപിച്ചതും ഇദ്ദേഹമാണ്.

---

- നൊബേൽ ജേതാവ് ലൂയി പിരാന്റല്ലോ ജന്മദിനം (1867-1936). ഇറ്റാലിയൻ നാടകകൃത്തും, നോവലിസ്റ്റും, കഥാകൃത്തും. തിയറ്ററിലെ തിയറ്റർ എന്ന സങ്കേതം ആവിഷ്ക്കരിച്ചു. "ആറു കഥാപാത്രങ്ങൾ കഥാകൃത്തിനെ തേടുന്നു"വെന്നത് ഈ സങ്കേതത്തിൽ ഏറെ പ്രശസ്തി നേടി.

# 29




- റിച്ചാർഡ് ബ്രാൻസൺസ് നിർമ്മിച്ച കപ്പലായ വെർജിൻ അറ്റ്ലാന്റിക് ചലഞ്ചർ 2 പൂർത്തിയായി (1986). അതിവേഗത്തിൽ അറ്റ്ലാന്റിക് സമുദ്രം മറി കടക്കുന്ന കപ്പലിന്റെ യാത്രാസമയം 3 ദിവസവും 8 മണിക്കൂറും, 31 മിനിറ്റുമാണ്.

---

- മൈക്കൽ മധുസൂദനൻ ദത്ത ചരമദിനം (1873). ആധുനിക ബംഗാളി കവിയും, നാടകകൃത്തുമായിരുന്നു.
- ബ്രിട്ടീഷ് രസതന്ത്രജ്ഞൻ അലക്സാണ്ടർ പാർക്ക്സ് ജന്മദിനം (1813 - 1890). പാർക്ക്സിന്റെ പ്രവർത്തനങ്ങളാണ് പ്ലാസ്റ്റിക്കിന്റെയും സെല്ലുലോയിഡിന്റെയും വികസനത്തിന് വഴിയൊരുക്കിയത്.
- അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞൻ ജോർപ്പ് എല്ലറി ഹാലി ജന്മദിനം (1868 - 1938). പ്രധാനപ്പെട്ട ജ്യോതിശാസ്ത്ര ഉപകരണങ്ങൾ ഹാലിയുടേതായിട്ടുണ്ട്. ഹാലിയുടെ ടെലിസ്കോപ്പ് അതിൽ പ്രധാനം.
- ഇടമറുക് ജന്മദിനം (1936 - 2006). യഥാർത്ഥ പേര് ടി. സി. ജോസഫ്. യുക്തിവാദ പ്രസ്ഥാന പ്രവർത്തകനും പത്രപ്രവർത്തകനുമായിരുന്നു.

# 30

- ദാദാഭായി നവറോജി ചരമദിനം (1824 - 1917). ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാവ്. ബ്രിട്ടീഷ് പാർലമെന്റിൽ അംഗമാകുന്ന ആദ്യ ഭാരതീയൻ. മുംബൈയിൽ പെൺകുട്ടികൾക്കുള വിദ്യാലയ നിർമാണത്തിൽ മുഖ്യപങ്കാളി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അദ്ധ്യക്ഷൻ. ഇന്ത്യയെ ഇന്ത്യാക്കാർ ഭരിക്കണമെന്ന് ആദ്യമായി പ്രഖ്യാപിച്ചത് നവറോജിയായിരുന്നു. "ഗ്രാൻഡ് ഓൾഡ് മാൻ ഓഫ് ഇന്ത്യ" എന്നറിയപ്പെട്ടു.

- ബ്രസീൽ ഫുട്ബാൾ ക്യാപ്റ്റൻ മാർക്കോസ് കഫു മൂന്നു ലോകകപ്പ് ഫൈനൽ കളിക്കുന്ന ആദ്യകളിക്കാരനായി (2002). ജപ്പാനിലെ യോക്കോഹാമയിൽ നടന്ന മത്സരത്തിൽ ജർമ്മനിയെ ഏകപക്ഷീയമായ രണ്ടു ഗോളിന് ബ്രസീൽ തോൽപ്പിച്ചു.



- ഹാരോൾഡ് ലാസ്കി ജന്മദിനം (1893 - 1950). ബ്രിട്ടീഷ് രാഷ്ട്രീയ ശാസ്ത്രകാരനും. ബ്രിട്ടീഷ് ലേബർ പാർട്ടി പ്രവർത്തകനും അദ്ധ്യാപകനുമായിരുന്നു.

- ഫ്രഞ്ച് കായികാഭ്യാസി ബ്ലോണ്ടിൻ നയാഗ്രാ വെള്ളച്ചാട്ടത്തിന്റെ കുറുകെ സഞ്ചരിച്ചു (1859). 5000 ത്തോളം കാണികൾക്ക് മുമ്പിൽ വച്ച് 1,100 അടി നീളത്തിലുള്ള കയറിൽ തൂങ്ങി 160 അടി ഉയരത്തിൽ നിന്നായിരുന്നു കായിക പ്രകടനം.

- കാർട്ടൂണിസ്റ്റ് ശങ്കർ ജന്മദിനം (1902 - 1989). ഇന്ത്യയിലെ പൊളിറ്റിക്കൽ കാർട്ടൂണിന്റെ പിതാവ്. കായംകുളത്ത് ജനനം. യഥാർത്ഥ പേര് കെ. ശങ്കരപ്പിള്ള. 1932 - ൽ ഹിന്ദുസ്ഥാൻ ടൈംസിൽ വരച്ചു തുടങ്ങി. 1949 - ൽ ശങ്കേഴ്സ് വീക്കിലി സ്ഥാപിച്ചു. ഡോൾസ് മ്യൂസിയവും ചിൽഡ്രൺസ് ബുക്ക്ട്രസ്റ്റും ശങ്കറിന്റെ നേട്ടങ്ങളാണ്.